(സി) ഉണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളെ കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗിനായി ഏൽപ്പിച്ചിരുന്നു. സ്ഥാപനങ്ങളുടേയും ശരാശരി ഓരോ ബസ്സിനും ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ്

145(1425) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ടയർ റീ സോളിംഗ് ഏതൊക്കെ കമ്പനികളിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റീസോളിംഗ് കമ്പനികൾക്ക് റീസോളിംഗിന്റെ ക്വാളിറ്റി സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് കെ.എസ്.ആർ.ടി.സി. നൽകിയിട്ടുള്ളത് എന്ന് വ്യക്ത മാക്കാമോ;

(സി) ഇത് പാലിക്കാത്ത കമ്പനികളിൽ നിന്ന് നഷ്ടം ഈടാക്കാൻ നില വിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടു ത്തുമോ?

ഉത്തരം

(എ) ടയർ റീ സോളിംഗ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെ യാണ് ചെയ്യുന്നത്.

(ബി-സി) ചോദ്യം ഉദിക്കുന്നില്ല.

ബസ്സ് ചാർജ്ജ് വർദ്ധന

146(1426) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര ശതമാനം വീത മാണ് വർദ്ധിപ്പിച്ചത്;

(ബി) 2001 മേയ് മാസത്തിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം ഓരോ വർഷവും എത്ര കോടി രൂപ വീതമാണ്;

(സി) 2001 മേയ് മാസത്തിനുശേഷം ഓരോ വർഷവും കെ.എസ്.ആർ. ടി.സി.-യുടെ വരുമാനം എത്ര കോടി രൂപ വീതമാണ്?

---

†അനുബന്ധം-VII കാണുക

LIBRARY ARCHIVES Kerala Legislative Assembly